LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 34-ൽ ബൈപ്പാസ് നിർമ്മിക്കാൻ നടപടി

54 [606] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 34-ൽ പുതിയങ്ങാടി-ഉള്ളിയേരി ഭാഗത്ത് പല സ്ഥലത്തും റോഡിന്റെ വീതിക്കുറവുമൂലം പലപ്പോഴും വാഹനക്കുരുക്ക് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അണ്ടിക്കോട്, അത്തോളി അങ്ങാടിയിൽ പലപ്പോഴും ബസ്സുകൾക്ക് സൈഡ് കൊടുക്കുവാൻ സ്ഥലമില്ലാത്തതുകൊണ്ട് ഗതാഗത തടസ്സം വരുന്നത് കണക്കിലെടുത്ത് ബൈപ്പാസ് റോഡ് ഉണ്ടാക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബൈപ്പാസ് റോഡിനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം പരിഗണനയിലില്ല. എന്നാൽ പ്രസ്തുത റോഡിന്റെ കി. മീ. 4/400 മുതൽ 17/400 വരെയുള്ള ഭാഗം വീതി കൂട്ടി സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ ആക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 625 ലക്ഷം രൂപയുടെ അടങ്കലുള്ള ഒരു ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

55 [607] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്നത്തേക്ക് ഇതിന്റെ പണി പൂർത്തീകരിക്കുവാനാണ് സർക്കാരും കരാറുകാരനും തമ്മിൽ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ട്രക്ച്ചറൽ പണി പുരോഗമിച്ചുവരുന്നു.

(ബി) 28-3-2005-ൽ പണി പൂർത്തിയാക്കാനാണ് കരാർ ഒപ്പുവച്ചിരിക്കുന്നത്.

ചാത്തന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി

56 [608] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തമ്പോളം സർക്കാർ ആഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചാത്തന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയായെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി ഈ സാമ്പത്തിക വർഷം തുക വകയിരുത്തി പണി തുടങ്ങാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ, ബി) 2004-05 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റിൽ പ്രസ്തുത പണി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മണ്ണാർക്കാട് മിനി സിവിൽ സ്റ്റേഷന്റെ കെട്ടിടം പണി

57 [609] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മിനി സിവിൽ സ്റ്റേഷന്റെ കെട്ടിടം പണി എന്നത്തേക്ക് പൂർത്തിയാകും;

(ബി) ഇത് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മണ്ണാർക്കാട് മിനി സിവിൽ സ്റ്റേഷന്റെ കെട്ടിടം സ്ട്രക്ചർ പൂർത്തിയായിട്ടുണ്ട്. ഫിനിഷിംഗ് പണികൾ പൂർത്തിയാക്കാനുണ്ട്. ഇപ്പോൾ കോൺട്രാക്ടർ പണി നിർത്തിവച്ചിരിക്കുയാണ്. പണി പുനരാരംഭിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോൺട്രാക്ടർ തയ്യാറാകാത്തപക്ഷം അനന്തര നടപടികൾ സ്വീകരിച്ച് പണി എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

ആലപ്പുഴയിൽ സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി

58 [610] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പണി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly